APPLICATION UNDER RIGHT TO INFORMATION ACT – 2005, APPEAL-1

Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Tele: 2414880

The Appellate Authority
Tahasildar, Thiruvananthapuram

9.1.2017

Sir,

The State Public Information Officer, Village Office, Attipra, Trivandrum ന് സമർപ്പിച്ച 15.11.2016 ലെ RTI Act-2005 അപേക്ഷയ്ക്ക് 43 ദിവസം കഴിഞ്ഞിട്ടും മറുപടി ലഭ്യമാക്കിയില്ല. അങ്ങനെ 28.12.2016 ന് Appellate Authority, Collectorate, Trivandrum ന് Appeal-1 സമർപ്പിച്ചു. അപ്പോൾ ആദ്യ അപേക്ഷയ്ക്ക് **21 ദിവസം വൈകി, തെറ്റും, തെറ്റിധരിപ്പിക്കുന്നതും, കബളിപ്പിക്കുന്നതും, തൃപ്തികരമല്ലാത്തതും, എന്റെ ചോദ്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തതുമായ മറുപടി 6.1.2017 ന് ലഭ്യമാക്കി**.

**ടി മറുപടിയിൽ, 15.11.2016 ന് ഞാൻ RTI Act-2005 പ്രകാരം, 1 മുതൽ 5 വരെ നമ്പരിട്ട് ചോദിച്ച ചോദ്യങ്ങളിൽ ഒന്നിനുപോലും വിവരം ലഭ്യമാക്കിയിട്ടില്ല**.

കൈയ്യേറ്റം നടന്നിട്ടുള്ള സ്ഥലം വ്യക്തമായി മാർക്ക് ചെയ്ത് കാണിക്കുന്ന സ്കെച്ചും വില്ലേജ് രേഖകളുടെ പകർപ്പും സഹിതമുള്ള 1.2.2013 ലെ റിപ്പോർട്ട് ആറ്റിപ്ര വില്ലേജ് ഓഫീസർ നേരിട്ട് ബഹു. കേരള ലോകായുക്ത കോടതിയിൽ കേസ് നമ്പർ 506/2011 നായി സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പ് എനിക്ക് ലഭ്യമാക്കിയിട്ടുള്ളതും ആകുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് പുരോഗമിക്കുകയും 13.5.2015 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആകുന്നു. ബഹു. കോടതിയുടെ ഉത്തരവിലെ Para No. 23 ൽ പറഞ്ഞിട്ടുള്ളതനുസരിച്ച് Kerala Land Conservancy Act പ്രകാരം കയ്യേറ്റക്കാർക്കെതിരെ നടപടിയെടുക്കാതെ, ലക്ഷങ്ങൾ വില മതിക്കുന്ന ഭൂമി സർക്കാരിന് നഷ്ടമാക്കുകയും, ടി സ്ഥലത്ത് വരുന്ന പുരോഗമന പദ്ധതികൾക്കെല്ലാം തടസ്സം സൃഷ്ടിക്കുന്ന കയ്യേറ്റക്കാരായ സാമൂഹ്യദ്രോഹികളുടെ താൽപ്പര്യം സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ മറുപടി (നമ്പർ 51/16 വി.അ.നി) ആണ് 6.1.2017 ന് ലഭ്യമാക്കിയിരിക്കുന്നത്. ടി മറുപടിയിൽ പറഞ്ഞിരിക്കുന്ന 802/16 റിപ്പോർട്ട് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള സർവ്വേ ജോലികൾ, എന്റെ 5 ചോദ്യങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതുമായി യാതൊരു ബന്ധവും ഇല്ലാത്തതും, ഈ കാര്യത്തിൽ 506/2011 കേസിലെ കോടതി ഉത്തരവ് Para No. 23 നും, ആറ്റിപ്ര വില്ലേജ് ഓഫീസറുടെ 1.2.2013 ലെ റിപ്പോർട്ടിനും വിരുദ്ധവും, കോടതി ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾക്ക് കാലതാമസം വരുത്തി കയ്യേറ്റക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി മാത്രം ഉദ്ദേശിച്ചിട്ടുള്ളതുമാകുന്നു. ടി കയ്യേറ്റക്കാരുടെ സംരക്ഷണാർത്ഥം RTI മറുപടി 5 ദിവസം വൈകിച്ച SPIO, Thumba Police Station (SI Ratheendra Kumar) ന് AP 1664 & 1665(7)/2012/SIC കേസിൽ RTI Section 20(1) പ്രകാരം 1250 രൂപ പിഴ അടക്കേണ്ടി വന്നിട്ടുള്ളതുമാകുന്നു.

28.12.2016 ന് Appeal-1 സമർപ്പിച്ചെങ്കിലും, 6.1.2017 ന് ലഭിച്ച മറുപടിയിൽ "*ഇതിൽ ഏതെങ്കിലും ആക്ഷേപമുള്ളപക്ഷം തിരുവനന്തപുരം തഹസിൽദാർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്*" എന്ന് പറഞ്ഞിട്ടുള്ളതിനാൽ വീണ്ടും അപ്പീൽ-1 സമർപ്പിക്കുകയാണ്. ആയതിന് അക്കമിട്ട് സത്യമായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

Yours truly,

(Subhash.S)

Enclosed:- Copy of the RTI Application dated 15.11.2016.